**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3071** **07-10-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി പുഴയോരം സംരക്ഷണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി പുഴയിലെ വൈന്തല പ്രോജക്ട് കടവ് മുതൽ സമ്പാളൂർ ഞറളക്കടവ് വരെയുള്ള ഭാഗത്തെ പുഴയോര സംരക്ഷണം എന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ GENERAL-C-1/2022-Protecting eroded right bank of Chalakudy river between Vynthala project kadavu and Njaralakadavu in Kadukutty Panchayath in Thrissur District- General Civil Work എന്ന പ്രവൃത്തിയ്ക്കായി 158.00 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 15 % പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രദേശത്തെ പറമ്പുകളുടെ വശങ്ങൾ പുഴയിലേക്ക് ഇടിഞ്ഞ് വീഴുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഗൗരവമായി കണ്ട് പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെടുകയും ആയതിനെ സംബന്ധിച്ച് 06.05.2024, 6.08.2024, 12.12.2024, 09.06.2025 എന്നീ തീയതികളിൽ തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽ നിന്നും, കൂടാതെ 05/07/2025 തീയതിയിൽ തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ കാര്യാലയത്തിൽ നിന്നും കരാറുകാരന് കർശനമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരനെ പ്രവൃത്തിയിൽ നിന്നും terminate ചെയ്യുന്നതിന് ശിപാർശ ചെയ്തുകൊണ്ട് 11.06.2025 തീയതിയിൽ തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽ നിന്നും കത്ത് ലഭിക്കുകയും ആയതിനെ തുടർന്ന് 24/06/2025 തീയതിയിൽ തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ കാര്യാലയത്തിൽ നിന്നും പ്രവൃത്തി നഷ്ടോത്തരവാദിത്ത്വത്തിൽ റദ്ദ് ചെയ്യുന്നതിന് കരാറുകാരന് ശക്തമായ താക്കീത് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇതേ തുടർന്ന് നിലവിൽ പ്രവൃത്തി വീണ്ടും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രവൃത്തി 31.03.2026 നുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ